>> കവർസ്റ്റോറി

● ഒ. അബ്ദുർറഹ്മാൻ



# സച്ചാർ–പാലൊളി കമ്മിറ്റി റിപ്പോർട്ട് സംഘ്പരിവാർ വാദങ്ങൾ അടിസ്ഥാനരഹിതം

**മുസ്‌ലിം ന്യൂനപക്ഷത്തിന്റെ പിന്നാക്കാവസ്ഥ പഠിച്ച് പരിഹാരം നിർദേശിക്കാൻ കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച രജീന്ദർ സച്ചാർ കമ്മിറ്റിയുടെയും അതിന്റെ അനുബന്ധമായി കേരള ഗവൺമെന്റ് നിശ്ചയിച്ച പാലൊളി മുഹമ്മദ് കുട്ടി കമ്മിറ്റിയുടെയും റിപ്പോർട്ടുകൾക്കെതിരെ സംഘ്പരിവാർ സംഘടനകൾ നടത്തുന്ന പ്രചാരണങ്ങളുടെ പശ്ചാത്തലത്തിൽ പാലൊളി കമ്മിറ്റിയംഗം ഒ. അബ്ദുർറഹ്മാൻ *പ്രബോധന*ത്തോട് സംസാരിക്കുന്നു.**

***ഒരു സെക്യുലർ ഡെമോക്രാറ്റിക് രാജ്യമായ ഇന്ത്യയിൽ മതന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതും സംവരണം ഏർപ്പെടുത്തുന്നതും ശരിയാണോ? 'മതന്യൂനപക്ഷം' എന്ന പ്രയോഗത്തിന് ഭരണഘടനാപരമായ സാധൂകരണം ഉണ്ടോ?***

ഐക്യരാഷ്ട്രസഭയിൽ അംഗമാണ് ഇന്ത്യ. ഇന്ത്യയുൾപ്പെടെയുള്ള എല്ലാ രാജ്യങ്ങളും അംഗീകരിച്ച യു.എൻ പ്രഖ്യാപനം മത–സാംസ്കാരിക–ഭാഷാ ന്യൂനപക്ഷങ്ങളെക്കുറിച്ച് സംസാരിക്കുന്നുണ്ട്. നേരത്തെ തന്നെ യു.എൻ ചാർട്ടറിൽ ഉള്ളതാണിത്. 1998 ഡിസംബർ 18–ന് 135/47 നമ്പറായി യു.എൻ പൊതുസഭ അംഗീകരിച്ച സുപ്രധാന പ്രമാണത്തിൽ ഊന്നിപ്പറയുന്ന ഒരു കാര്യമുണ്ട്. ഒന്നാം അനുഛേദമനുസരിച്ച് ലോകത്തിലെ എല്ലാ രാജ്യങ്ങളും ന്യൂനപക്ഷ അസ്തിത്വവും ദേശീയവും സാംസ്കാരികവുമായ വ്യക്തിത്വവും മതപരവും ഭാഷാപരവുമായ തനിമയും പരിരക്ഷിക്കാൻ ബാധ്യസ്ഥമാണ്. ഈ തനിമ ശക്തിപ്പെടുത്താൻ ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടത് എല്ലാ രാജ്യങ്ങളുടെയും ചുമതലയാണെന്നും ചാർട്ടർ വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഖണ്ഡിക 4–ലെ അഞ്ചാം ഉപവകുപ്പിൽ ന്യൂനപക്ഷ സമുദായത്തിന്റെ സാമ്പത്തികവും വികസനപരവുമായ മുന്നേറ്റത്തിന് സമ്പൂർണ നടപടികൾ സ്വീകരിക്കണമെന്നും അനുശാസിക്കുന്നുണ്ട്. അതിനാൽ ഐക്യരാഷ്ട്രസഭ മത–ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അനുവദിച്ച എല്ലാ അവകാശങ്ങളും നൽകാൻ അതിൽ അംഗമായ ഇന്ത്യയും ബാധ്യസ്ഥമാണ്. ഇന്ത്യക്കു മാത്രം അതിൽ പ്രത്യേക നിലപാട് സ്വീകരിക്കാൻ അവകാശമില്ല.

ഈ പശ്ചാത്തലത്തിലാണ് ഇന്ത്യൻ ഭരണഘടനയെ നാം കാണേണ്ടത്. ഇന്ത്യൻ ഭരണഘടന ഇവിടത്തെ ന്യൂനപക്ഷങ്ങളോട് പ്രത്യേകമായ ഔദാര്യം കാണിക്കുന്നു എന്ന് വാദിക്കുന്നതിന് യാതൊരു അടിത്തറയുമില്ല. മത–സാംസ്കാരിക ന്യൂന

പക്ഷങ്ങൾ ലോകത്തെവിടെയൊക്കെയുണ്ടോ അവർക്കെല്ലാം ആ രാജ്യങ്ങൾ നൽകിക്കൊണ്ടിരിക്കുന്നതും നൽകാൻ ബാധ്യസ്ഥവുമായ അതേ അവകാശങ്ങൾ തന്നെയാണ് ഇന്ത്യൻ ഭരണഘടനയും ന്യൂനപക്ഷങ്ങൾക്ക് നൽകുന്നത്.

***ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് നൽകുന്ന അവകാശങ്ങൾ എന്തൊക്കെയാണ്?***

ഇന്ത്യൻ ഭരണഘടനയുടെ 14-ാം അനുഛേദം നിയമത്തിനു മുമ്പിൽ എല്ലാവരും സമന്മാരാണെന്ന് നിഷ്കർഷിക്കുന്നു. ഭൂരിപക്ഷ-ന്യൂനപക്ഷ വ്യത്യാസം ഇല്ലാതെ നിയമപരമായ സമത്വം ലഭ്യമാക്കുക എന്നതാണതിന്റെ അർഥം. 15-ാം ഖണ്ഡിക മതം, ജാതി, വംശം, ലിംഗം, ജനനസ്ഥലം എന്നിവയെ അടിസ്ഥാനമാക്കിയുള്ള എല്ലാതരം വിവേചനങ്ങളെയും നിരോധിക്കുന്നു. 21-ാം വകുപ്പ് നിയമപരമായ മാർഗേണയല്ലാതെ ഒരാളുടെയും ജീവനോ വ്യക്തി സ്വാതന്ത്ര്യത്തിനോ തടസ്സം വരുത്താൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നു. 25-ാം അനുഛേദം മനസ്സാക്ഷി സ്വാതന്ത്ര്യം, സ്വതന്ത്രമായി ഏതു മതത്തിലും വിശ്വസിക്കാനും അത് അനുഷ്ഠിക്കാനും പ്രബോധനം ചെയ്യാനുമുള്ള അവകാശം എന്നിവ ഉറപ്പുവരുത്തുന്നു. 29-ാം അനുഛേദം തങ്ങളുടെ ഭാഷ, ലിപി, സംസ്കാരം എന്നിവ സംരക്ഷിക്കാൻ ന്യൂനപക്ഷങ്ങൾക്കുള്ള അവകാശം ഉറപ്പുനൽകുന്നു. അനുഛേദം 30 ഇഷ്ടാനുസാരം വിദ്യാലയങ്ങൾ സ്ഥാപിച്ച് നടത്താനും അതിൽ സർക്കാർ ഇടപെടാതിരിക്കാനുമുള്ള അവകാശവും നൽകുന്നു.

**സംഘ്പരിവാർ ഉയർത്തിക്കൊണ്ടിരിക്കുന്ന വാദം ഭരണഘടനയിൽ 'മത ന്യൂനപക്ഷം' എന്ന പ്രയോഗം ഇല്ലെന്നാണ്. ഭരണഘടനയിലെ 'സാംസ്കാരിക ന്യൂനപക്ഷം' എന്ന പ്രയോഗത്തിന് പിന്നെ എന്താണർഥം? മതത്തിൽനിന്ന് തീർത്തും വ്യത്യസ്തമായ സംസ്കാരം എന്താണ്? ഹിന്ദുത്വവാദികൾ സംസ്കാരത്തിന്റെ പേരിൽ ഉയർത്തിപ്പിടിക്കുന്നത് മതപരമായ ചിഹ്നങ്ങളും പാരമ്പര്യങ്ങളുമാണ്. മറ്റുള്ളവരുടെ കാര്യം വരുമ്പോൾ മതം വേറെ സംസ്കാരം വേറെ എന്നു പറയാനുള്ള ന്യായീകരണങ്ങൾ എന്താണ്?**

ഇപ്പോൾ സംഘ്പരിവാർ ഉയർത്തിക്കൊണ്ടിരിക്കുന്ന വാദം ഭരണഘടനയിൽ 'മത ന്യൂനപക്ഷം' എന്ന പ്രയോഗം ഇല്ലെന്നാണ്. ഭരണഘടനയിലെ 'സാംസ്കാരിക ന്യൂനപക്ഷം' എന്ന പ്രയോഗത്തിന് പിന്നെ എന്താണർഥം? മതത്തിൽനിന്ന് തീർത്തും വ്യത്യസ്തമായ സംസ്കാരം എന്താണ്? ഹിന്ദുത്വവാദികൾ സംസ്കാരത്തിന്റെ പേരിൽ ഉയർത്തിപ്പിടിക്കുന്നത് മതപരമായ ചിഹ്നങ്ങളും പാരമ്പര്യങ്ങളുമാണ്. മറ്റുള്ളവരുടെ കാര്യം വരുമ്പോൾ മതം വേറെ സംസ്കാരം വേറെ എന്നു പറയാനുള്ള ന്യായീകരണങ്ങൾ എന്താണ്?

മലേഷ്യയിൽ ഈയിടെ അവിടത്തെ ന്യൂനപക്ഷമായ ഹിന്ദു സമുദായത്തിന്റെ സാംസ്കാരിക തനിമ പരിരക്ഷിക്കേണ്ടതുണ്ടെന്നും ഭരണകൂടം അതിന് തടസ്സം നിൽക്കുന്നുവെന്നും പറഞ്ഞുകൊണ്ട് ശക്തമായ പ്രക്ഷോഭം നടക്കുകയുണ്ടായി. ഇന്ത്യയിലെ ഹിന്ദുത്വവാദികളുടെ പൂർണ പിന്തുണ അതിനുണ്ടായിരുന്നു. അവർ ഉയർത്തിപ്പിടിച്ച പ്രധാന കാര്യം, ആരാധനാലയങ്ങളുടെയും മറ്റും വിഷയത്തിൽ രാജ്യത്തെ നിയമങ്ങളിൽ വിവേചനം ഉണ്ട് എന്നതായിരുന്നു. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മലേഷ്യൻ ഭരണകക്ഷിക്കേറ്റ ശക്തമായ തിരിച്ചടിയിൽ ഈ പ്രക്ഷോഭത്തിന് പങ്കുണ്ട്. ഇന്ത്യൻ വംശജരുടെ പ്രശ്നങ്ങളല്ല, ഹിന്ദു ന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങളാണ് അവർ ഉയർത്തിപ്പിടിച്ചത്. ബംഗ്ലാദേശ്, പാകിസ്താൻ തുടങ്ങിയ രാജ്യങ്ങളിലും ഹിന്ദു ന്യൂനപക്ഷങ്ങളുണ്ട്. അവരെയൊന്നും മത ന്യൂനപക്ഷങ്ങളായി അംഗീകരിക്കരുത് എന്ന് ഇവിടത്തെ ഹിന്ദുത്വവാദികൾക്ക് അഭിപ്രായമുണ്ടോ? പാകിസ്താനിൽ പലപ്പോഴുമുണ്ടാകുന്ന ഒരു പ്രശ്നം സിക്ക് ഗുരുദ്വാരകളുമായി ബന്ധപ്പെട്ടതാണ്. അത് മതപരമായ പ്രശ്നമാണ്. മതപരമായ അസ്തിത്വം ന്യൂനപക്ഷങ്ങൾക്ക് അംഗീകരിച്ചുകൊടുത്തില്ലെങ്കിൽ വൈകാരികമായ പ്രത്യാഘാതങ്ങളുണ്ടാകും.

ഇന്തോനേഷ്യൻ ദ്വീപ്സമൂഹമായ ഈസ്റ്റ് തൈമൂർ സ്വതന്ത്ര രാജ്യമായി. അതിന് നേതൃത്വം നൽകിയത് അവിടത്തെ ന്യൂനപക്ഷമായ ക്രൈസ്തവരാണ്. അവിടെ സ്വന്തമായ രാഷ്ട്രംതന്നെ ഐക്യരാഷ്ട്രസഭയുടെ പൂർണ പിന്തുണയോടെ അവർ സ്ഥാപിച്ചുകഴിഞ്ഞു. ലോകത്തിലെ മിക്ക രാജ്യങ്ങളും അതംഗീകരിച്ചു. ഇത് സാംസ്കാരിക വിഷയമാണോ? അതല്ല മതപരമോ? മതത്തെയും സംസ്കാരത്തെയും വേർതിരിക്കേണ്ടതുണ്ടോ? രണ്ടും രണ്ടാണെങ്കിൽ ഇന്തോനേഷ്യയുടെ പൊതു സംസ്കാരത്തിൽ അവർ ലയിച്ചു ചേരുകയായിരുന്നു വേണ്ടിയിരുന്നത്. തങ്ങൾക്ക് വ്യത്യസ്തമായൊരു സംസ്കാരം ഉണ്ടെന്ന് പറയാൻ അവരെ പ്രേരിപ്പിച്ചത്, അവരുടെ മതമാണെന്ന് തീർച്ച.

ലോകത്തെല്ലാവർക്കും ബാധകമായൊരു തത്ത്വം ഇന്ത്യയിൽ വരുമ്പോൾ അതിന്റെ ഗുണം ലഭിക്കുന്നത് മുസ്‌ലിം-ക്രിസ്ത്യൻ സമൂഹങ്ങൾക്കാണെന്ന ഒറ്റക്കാരണത്താൽ അത് നിഷേധിക്കേണ്ടതാണെന്ന് പറയുന്നതിന്റെ ന്യായം മനസ്സിലാകുന്നില്ല. ഭരണഘടന ഒരിക്കലും 'മതന്യൂനപക്ഷ'ത്തെ നിരാകരിച്ചിട്ടില്ല. 25,29 അനുഛേദങ്ങൾ അത് ഉറപ്പുവരുത്തുകയാണ് ചെയ്യുന്നത്. 30-ാം വകുപ്പ് ന്യൂനപക്ഷ അവകാശങ്ങൾ ഊന്നിപ്പറയുന്നുവെന്നു മാത്രമല്ല, ഒട്ടേറെ വിധികളിലൂടെ സുപ്രീംകോടതി ഇപ്പോഴത് അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

അതുകൊണ്ട് ഭരണഘടനയിൽ 'മതന്യൂനപക്ഷം' എന്ന പ്രയോഗമില്ലെന്ന് പറയുന്നതിൽ കഴമ്പില്ല. ന്യൂനപക്ഷങ്ങൾക്ക് 'പ്രത്യേക പരിരക്ഷ' നൽകുന്നുവെന്ന സംഘ്പരിവാർ പ്രചാരണവും തെറ്റുധരിപ്പിക്കലാണ്. പ്രത്യേക പരിഗണന ന്യൂനപക്ഷങ്ങൾ ആവശ്യപ്പെടുന്നില്ല; തുല്യമായ പരിഗണനയാണ് ആവശ്യപ്പെടുന്നത്. അവസരസമത്വവും സാമ്പത്തിക നീതിയും ഉറപ്പുവരുത്തുകയും വിവേചനം അവസാനിപ്പിക്കുകയും ചെയ്താൽ മതി.

***മുസ്‌ലിം പിന്നാക്കാവസ്ഥ പഠിച്ച് പരിഹാരങ്ങൾ നിർദേശിക്കാൻ ജ. രജീന്ദർ സച്ചാർ കമീഷനെ നിശ്ചയിക്കാനുണ്ടായ പശ്ചാത്തലം എന്താണ്?***

ചരിത്രപരവും സാമൂഹികവും രാഷ്ട്രീയവുമായ കാരണങ്ങളാൽ ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ വിശേഷിച്ചും മുസ്‌ലിംകൾ പീഡിതരും പിന്നാക്കക്കാരുമായി മാറി. അതൊരു വസ്തുതയാണ്. ഗവൺമെന്റോ ഭൂരിപക്ഷ സമുദായമോ മാത്രമാണതിന്റെ ഉത്തരവാദി എന്നു പറയുന്നതിനോട് യോജിപ്പില്ല. തീർച്ചയായും മുസ്‌ലിംകൾക്ക് അവരുടെതായ പങ്കും ഉത്തരവാദിത്വവും ആ വിഷയത്തിലുണ്ട്.

സ്വതന്ത്ര ഇന്ത്യയിലെ മുസ്‌ലിംകളുടെ പിന്നാക്കാവസ്ഥക്ക് ഒന്നാമത്തെ കാരണം വിഭജനമാണ്. വിഭജനത്തിന്റെ വിശദാംശങ്ങൾ തൽക്കാലം നാം വിടുക. ഇന്ത്യയിൽ 1926-ൽ

തന്നെ ആർ.എസ്.എസ് നിലവിൽ വന്നിരുന്നു. ഹിന്ദുമഹാസഭ എന്ന രാഷ്ട്രീയ പാർട്ടിയും വി.ഡി സവർക്കറെ പോലുള്ള ശക്തരായ ഹിന്ദുത്വവാദികളും ഉണ്ടായിരുന്നു. കോൺഗ്രസ്സിൽതന്നെ സർദാർ വല്ലഭായ് പട്ടേൽ, ലോകമാന്യ തിലകൻ, ഗോപാലകൃഷ്ണ ഗോഖലെ തുടങ്ങിയ ആളുകൾ സാമാന്യമായി ഹിന്ദുത്വവാദികളായി അറിയപ്പെട്ടിരുന്നവരാണ്. ഈ സാഹചര്യത്തിൽ ഇന്ത്യ സ്വാതന്ത്ര്യം നേടിയാൽ മുസ്‌ലിംകൾക്ക് തുല്യ പൗരത്വവും തുല്യനീതിയും ലഭിക്കില്ല എന്ന ചിലരുടെ ഭയമാണ്, മുസ്‌ലിം സാമുദായിക രാഷ്ട്രീയത്തിന്റെയും അതിന്റെ തുടർച്ചയായ ദ്വിരാഷ്ട്രവാദത്തിന്റെയും കാരണങ്ങൾ. ഈ ആശങ്കക്ക് ഒരു അടിസ്ഥാനവും ഇല്ലായിരുന്നു എന്ന് പറയാൻ പറ്റില്ല. വ്യക്തിജീവിതത്തിൽ പോലും സെക്യുലറായ ജിന്നയെപ്പോലും സാമുദായികവാദിയാക്കിയത് ഇത്തരം സാഹചര്യങ്ങളാണ്. ഹിന്ദു-മുസ്‌ലിം വർഗീയത നിലനിർത്തിയാൽ മാത്രമേ രാജ്യം ഭരിക്കാനാകൂ എന്നു ബ്രിട്ടീഷുകാരും മനസ്സിലാക്കിയിരുന്നു.



*പാലൊളി കമീഷൻ റിപ്പോർട്ട് മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നു*

1857-ൽ ഹിന്ദുക്കളും മുസ്‌ലിംകളും ചേർന്ന് നടത്തിയ ഒന്നാം സ്വാതന്ത്ര്യസമരമാണ് ബ്രിട്ടീഷുകാർക്ക് ആ തിരിച്ചറിവ് നൽകിയത്. വില്യം ഹണ്ടർ പോലുള്ളവരുടെ കൃതികൾ അത് സൂചിപ്പിക്കുന്നുണ്ട്. ബ്രിട്ടീഷ്‌വിരുദ്ധ സമരത്തിൽ മുസ്‌ലിംകൾ മുമ്പിലുണ്ടായിരുന്നു. അതുകൊണ്ട് മുസ്‌ലിംകൾ ബോധപൂർവം തന്നെ അവഗണിക്കപ്പെട്ടു. 1921-ലെ മലബാർ കലാപവും, 1857-ലെ സമരത്തിന്റെ ഭാഗമായി മുസ്‌ലിം പണ്ഡിതന്മാർ ബ്രിട്ടീഷുകാർക്കെതിരെ ജിഹാദിന് ആഹ്വാനം ചെയ്തതും അവഗണനക്ക് കാരണമാണ്. ഹിന്ദുക്കളിലെ മുന്നാക്ക ജാതിക്കാരും ക്രിസ്ത്യാനികളും ഈ അവസരം നന്നായി ഉപയോഗപ്പെടുത്തി വിദ്യാഭ്യാസം നേടുകയും ഉയർന്ന ഉദ്യോഗങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. സർ സയ്യിദ് അഹ്മദ്ഖാനെ പോലുള്ളവർ രംഗത്തുവന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആവശ്യകത മുസ്‌ലിംകളെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. അതിനുശേഷം ചില മാറ്റങ്ങൾ മുസ്‌ലിംകളിൽ ഉണ്ടായിട്ടുണ്ട്.

ദീർഘകാലം അധികാരം കൈയാളിയിരുന്നത് മുഗളരായിരുന്നു. അത് നഷ്ടപ്പെട്ടതോടെ ഉത്തരേന്ത്യയിലെ മുസ്‌ലിംകൾക്കുണ്ടായ മാനസികമായ ആഘാതവും, ടിപ്പു കൊല്ലപ്പെട്ട ശേഷം ദക്ഷിണേന്ത്യൻ മുസ്‌ലിംകൾക്കുണ്ടായ അരക്ഷിതാവസ്ഥയും, ഇതിനു കാരണക്കാർ ബ്രിട്ടീഷുകാരാണെന്നതിനാൽ അവരെ എതിർക്കാനും അവരുടെ വിദ്യാഭ്യാസത്തെ ബഹിഷ്കരിക്കാനും മതവിദ്യാഭ്യാസ ചട്ടക്കൂടിൽ ഒതുങ്ങിനിൽക്കാനുള്ള താൽപര്യവും പിന്നാക്കാവസ്ഥയുടെ കാരണങ്ങളാണ്. സവർണരും ക്രൈസ്തവരുമാകട്ടെ ബ്രിട്ടീഷുകാരുടെ കൂടെ നിൽക്കുകയും വിദ്യാഭ്യാസവും ജോലിയും നേടുകയും ചെയ്തു.

മറ്റൊരു കാരണം നേതൃത്വം നഷ്ടപ്പെട്ടതാണ്. ഇന്ത്യാ വിഭജനത്തോടെ നേതൃത്വത്തിലുണ്ടായിരുന്ന പ്രമുഖരായ മുസ്‌ലിംകൾ പാകിസ്താനിലേക്ക് പോയി. ഇന്ത്യയിൽ അവശേഷിച്ച നാലു കോടിയോളം മുസ്‌ലിംകൾ തീർത്തും അനാഥരുമായി. വളരെ ദയനീയമായിരുന്നു അവരുടെ അവസ്ഥ. വിഭജനാനന്തരം മുസ്‌ലിംകളിൽ ഭൂരിപക്ഷവും ദീർഘകാലം നിലയുറപ്പിച്ചത് ഇന്ത്യൻ ദേശീയധാരയിൽതന്നെയാണ്. മതേതര രാഷ്ട്രീയ പാർട്ടികളിൽ തന്നെയാണവർ ചേർന്നു പ്രവർത്തിച്ചത്. മൗലാനാ ആസാദ്, റഫി അഹ്മദ് കിദ്വായി തുടങ്ങി ദേശിയ മുസ്‌ലിംകൾ എന്നറിയപ്പെട്ടിരുന്ന ധാരാളം പേരുണ്ടായിരുന്നു. അവരെല്ലാം മുസ്‌ലിംകളെ മുഖ്യധാരയിലേക്ക് കൊണ്ടുപോകാൻ തന്നെയാണ് ശ്രമിച്ചത്. ഇന്ത്യൻ നാഷ്നൽ കോൺഗ്രസ്സിന്റെ കൂടെയായിരുന്നു മുസ്‌ലിംകൾ ഭൂരിപക്ഷവും ദീർഘകാലം നിന്നത്.

എന്നിട്ടും സ്വാതന്ത്ര്യത്തിന്റെ അറുപതാണ്ട് പിന്നിടുമ്പോൾ മുസ്‌ലിം ന്യൂനപക്ഷം എവിടെ നിൽക്കുന്നു എന്ന അന്വേഷണമാണ് സച്ചാർ കമ്മിറ്റി നടത്തിയിരിക്കുന്നത്. സച്ചാർ കമ്മിറ്റിയെ നിശ്ചയിക്കാൻ പാടില്ലായിരുന്നു എന്നു പറയുന്നതിന്റെ അർഥം, മുസ്‌ലിംകൾ സ്വാതന്ത്രത്തിന്റെ ആറുപതിറ്റാണ്ടായിട്ടും എവിടെ നിൽക്കുന്നു എന്ന് രാജ്യം അറിയാൻ പാടില്ല എന്നാണ്. മുസ്‌ലിംകൾ നിലവിലുള്ള പിന്നാക്കാവസ്ഥയിൽ തന്നെ കഴിയട്ടെ എന്ന് ശഠിക്കുന്നവരാണ് സച്ചാർ റിപ്പോർട്ടിനെ എതിർക്കുന്നത്. യു.പി.എയുടെ തെരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു മതന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥക്ക് പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കും എന്നത്. ഈ വാഗ്ദാനം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായാണ് അവർ സച്ചാർ കമ്മിറ്റിയെ നിശ്ചയിച്ചത്.

സച്ചാർ കമ്മിറ്റിയോട് എതിർപ്പുള്ളവർ ചെയ്യേണ്ടിയിരുന്നത് ഇപ്പോൾ റിപ്പോർട്ടിനെതിരെ ബഹളം വെക്കുകയല്ല. സച്ചാർ കമ്മിറ്റി 13 സംസ്ഥാനങ്ങൾ സന്ദർശിച്ച് തെളിവെടുപ്പ് നടത്തുകയും അഭിപ്രായ നിർദേശങ്ങൾ ക്ഷണിക്കുകയും ചെയ്തു. ആ സന്ദർഭത്തിൽ ബി.ജെ.പിക്കും മറ്റും പറയാനുള്ളത് പറയാമായിരുന്നു. ആരും അവരെ തടഞ്ഞിരുന്നില്ല. പക്ഷേ, അത് ചെയ്യാതെയാണ് ഇപ്പോൾ സച്ചാർ റിപ്പോർട്ടിനെതിരെയും സച്ചാർ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കേരള ഗവൺമെന്റ് നിശ്ചയിച്ച പാലൊളി കമ്മിറ്റിയെയും വിമർശിക്കുന്നത്.

സച്ചാർ സമിതി ഇന്ത്യൻ മുസ്‌ലിംകളുടെ പിന്നാക്കവസ്ഥയുടെ ആഴം വിശദീകരിച്ചിട്ടുണ്ട്. ഇതൊരു റിപ്പോർട്ട് എന്നതിലേറെ കോൺഗ്രസ്സിനെതിരായ ഒരു കുറ്റപത്രമാണ്. അമ്പതു വർഷക്കാലത്തോളം രാജ്യം ഭരിച്ച കോൺഗ്രസ് ഇന്ത്യൻ മുസ്‌ലിംകളോട് എന്തു ചെയ്തു എന്നാണിത് തെളിയിക്കുന്നത്. ദീർഘകാലം കേന്ദ്രവും പല സംസ്ഥാനങ്ങളും കോൺഗ്രസ് ഭരിച്ചിട്ടും മുസ്‌ലിം അവസ്ഥ ഇപ്പോഴും ഇത്ര ദയനീയമായി തുടരുന്നതെന്തുകൊണ്ടാണ്?

രണ്ടാമതായി സച്ചാർ സമിതി റിപ്പോർട്ട് മുസ്‌ലിംസമുദായത്തിനെതിരായ കുറ്റപത്രമാണ്. വൈകാരികമായ പ്രശ്നങ്ങൾക്കു പിന്നാലെ പോകുന്നതല്ലാതെ മുസ്‌ലിം സമൂഹത്തിന്റെ വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക പുരോഗതിക്കു വേണ്ടി പ്രായോഗിക പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കാൻ മുസ്‌ലിം നേതാക്കൾക്കോ മത സംഘടനകൾക്കോ വേണ്ട അളവിൽ കഴി

ഞ്ഞില്ല എന്നാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്.

***മുസ്‌ലിംസമുദായം പല മേഖലകളിലും മറ്റുള്ളവരേക്കാൾ മുമ്പിൽ നിൽക്കുന്നുവെന്നും അതുകൊണ്ട് സച്ചാർ-പാലൊളി കമ്മിറ്റികൾ മുസ്‌ലിംകൾക്കുവേണ്ടി നടപ്പിലാക്കാൻ ആവശ്യപ്പെടുന്ന പ്രത്യേക പദ്ധതികൾ നടപ്പിലാക്കരുതെന്നും സംഘ്പരിവാർ ആവശ്യപ്പെടുന്നു. എന്താണിതിന്റെ യാഥാർഥ്യം?***

മുസ്‌ലിം പിന്നാക്കാവസ്ഥയുടെ ആഴമാണ് സച്ചാർ കമ്മിറ്റി പുറത്തുവിട്ടിരിക്കുന്നത്. മുസ്‌ലിംകൾ മറ്റുള്ളവരെ അപേക്ഷിച്ച് വളരെ പിന്നിലാണെന്നാണ് കണക്കുകൾ നിരത്തി സച്ചാർ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ശ്രദ്ധിച്ചാൽ ഇത് വ്യക്തമാകും. ദേശീയ സാക്ഷരതാ നിരക്ക് 65 ശതമാനമാണ്. എന്നാൽ മുസ്‌ലിംകളുടേത് 59.5 ശതമാനം. എസ്.സി, എസ്.ടി 52.5 ശതമാനം. മുസ്‌ലിം പുരുഷന്മാരുടെ സാക്ഷരത 68 ശതമാനം. സ്ത്രീകളുടേതാകട്ടെ 50 ശതമാനവും.

ഇനി വിദ്യാഭ്യാസത്തിന്റെ വിഷയമെടുക്കുക. 6-13 വയസ് പ്രായമുള്ള കുട്ടികളിൽ 74.6 ശതമാനത്തിനാണ് സ്കൂൾ വിദ്യാഭ്യാസം. 14-15 വയസ്സുള്ളവർ 79.5 ശതമാനവും 16-17 വയസ്സുള്ളവരുടേത് 75.5 ശതമാനവും 18-22 വയസ്സ് 70.5 ശതമാനവും, 23 വയസ്സിന് മുകളിലുള്ളവർക്ക് 46 ശതമാനവുമാണ് വിദ്യാഭ്യാസം.

ഇന്ത്യാ രാജ്യത്ത് ശരാശരി പഠന വർഷം നാലാണ്. മുസ്‌ലിംകളിൽ അത് 3.4 ആണ്. പശ്ചിമ ബംഗാളിലും ഉത്തർ പ്രദേശിലുമാണ് മുസ്‌ലിംകൾ വിദ്യാഭ്യാസ രംഗത്ത് ഏറ്റവും പിറകിൽ നിൽക്കുന്നത്. കേരളം, കർണാടക, ദൽഹി, മഹാരാഷ്ട്ര പോലുള്ള സംസ്ഥാനങ്ങളിലെ മുസ്‌ലിം അവസ്ഥ താരതമ്യേന ഭേദമാണ്. ഇന്ത്യയിൽ 17 വയസ് കഴിഞ്ഞവരിൽ 24 ശതമാനം മാത്രമാണ് മെട്രിക്കുലേഷൻ പൂർത്തിയാക്കിയവർ. എന്നാൽ മുസ്‌ലിംകളിൽ അത് 17 ശതമാനമാണ്. ഇതിനേക്കാൾ വലിയ അന്തരമാണ് ഡിഗ്രി വിദ്യാഭ്യാസത്തിലുള്ളത്. ദേശീയ ശരാശരി 7 ശതമാനം ആണെങ്കിൽ മുസ്‌ലിംകളുടേത് 4 ശതമാനമാണ്. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ഒരു ശതമാനം മാത്രം. ഉന്നത പ്രഫഷനൽ വിദ്യാഭ്യാസത്തിന്റെ അവസ്ഥ പറയാതിരിക്കലാണ് മെച്ചം. ഐ.ഐ.എമ്മിൽ 1.3 ശതമാനമാണ് മുസ്‌ലിം പ്രാതിനിധ്യം. ഐ.ഐ.ടിയിൽ 27161 വിദ്യാർഥികളിൽ 796 പേർ മാത്രമാണ് മുസ്‌ലിംകൾ. പി.ജി തലത്തിൽ 4 ശതമാനം മുസ്‌ലിംകളേയുള്ളൂ. ഇതാണ് മുസ്‌ലിം അവസ്ഥ.

തൊഴിൽ രംഗത്തെ മുസ്‌ലിം പങ്കാളിത്തവും വളരെ കുറവാണ്. പോലീസിലും പട്ടാളത്തിലും ഇതുതന്നെയാണ് അവസ്ഥ. സുരക്ഷാ മേഖലയിലെ കണക്കുകൾ നൽകാൻ ബന്ധപ്പെട്ടവർ വിസമ്മതിച്ചെങ്കിലും സച്ചാർ കമ്മിറ്റി സ്വന്തമായി നടത്തിയ പഠനത്തിൽ മനസ്സിലായത് പോലീസിൽ മുസ്‌ലിം പ്രാതിനിധ്യം 6 ശതമാനമാണ്. എസ്.സി, എസ്.ടി ആകട്ടെ 22 ശതമാനവും. പട്ടാളത്തിൽ 4 ശതമാനമാണ് മുസ്‌ലിംകൾ. യൂനിയൻ പബ്ലിക് സർവീസ് കമീഷൻ നടത്തുന്ന പരീക്ഷകൾ എഴുതുന്ന മുസ്‌ലിംകൾ 4 ശതമാനം. രാജ്യത്തെ ഏറ്റവും വലിയ തൊഴിൽ മേഖലയായ റെയിൽവേയിൽ ജോലി ചെയ്യുന്ന 14 ലക്ഷം പേരിൽ 4.5 ശതമാനമാണ് മുസ്‌ലിംകൾ. അതിൽതന്നെ എ,ബി ക്ലാസ്സുകളിൽ ജോലി ചെയ്യുന്ന മുസ്‌ലിംകൾ 1.3 ശതമാനം മാത്രമാണ്. തപാൽ സർവീസിൽ 5 ശതമാനമാണ് മുസ്‌ലിംകൾ. അതിൽ ഗ്രൂപ്പ് എയിൽ 1.8 ശതമാനവും. 129 സർവകലാശാലകളും 84 കോളേജുകളും സച്ചാർ കമ്മിറ്റി പഠനവിധേയമാക്കിയിട്ടുണ്ട്. മൊത്തം 1.37 ലക്ഷം ജീവനക്കാർ അവയിൽ ജോലി ചെയ്യുന്നു. അതിൽ 3.7 ശതമാനം മാത്രമാണ് മുസ്‌ലിം അധ്യാപകർ. അനധ്യാപകർ 5.4 ശതമാനം മാത്രമേയുള്ളൂ. എസ്.സി, എസ്.ടി 7 ശതമാനം ഉണ്ട്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ 6.88 ലക്ഷം ജീവനക്കാരുള്ള 154 സ്ഥാപനങ്ങൾ പഠനവിധേയമാക്കിയ സച്ചാർ കമ്മിറ്റിക്ക് കിട്ടിയ കണക്കനുസരിച്ച് ഉയർന്ന തസ്തികകളിൽ 2.3 ശതമാനവും മധ്യതലത്തിൽ 2.8 ശതമാനവുമാണ് മുസ്‌ലിം ജീവനക്കാരുള്ളത്. എസ്.സി, എസ്.ടി മുസ്‌ലിംകളുടെ മുമ്പിലാണ്.

ഏറ്റവും കൂടുതൽ മുസ്‌ലിംകൾ ജോലി ചെയ്യുന്നത് സ്വയം തൊഴിൽ മേഖലയിലാണ്. മുസ്‌ലിംകൾ 65 ശതമാനവും മറ്റുള്ളവർ 55 ശതമാനവും. എന്തുകൊണ്ടാണിതെന്ന കാര്യം വ്യക്തമാണ്. സർക്കാർ സർവീസ് ഉൾപ്പെടെയുള്ള തൊഴിൽമേഖലകളിൽ മുസ്‌ലിംകൾ പുറംതള്ളപ്പെടുമ്പോൾ, ഉപജീവന മാർഗം കണ്ടെത്താനായി മുസ്‌ലിംകൾ സ്വയംതൊഴിലുകളിലേക്ക് തിരിയുന്നു. ഇത് യഥാർഥത്തിൽ മുസ്‌ലിം പിന്നാക്കാവസ്ഥയുടെ ഒരു സൂചകമാണ്.

***ഭരണമേഖലയിൽ ന്യൂനപക്ഷങ്ങൾക്ക് സംവരണം ലഭിക്കണമെന്ന വാദത്തിന്റെ അടിസ്ഥാനമെന്താണ്?***

ഭരണരംഗത്തെ പങ്കാളിത്തം സമുദായശാക്തീകരണത്തിൽ പ്രധാന പങ്കുവഹിക്കുന്നതാണ്. സമുദായത്തിന്റെ പ്രതിനിധികൾ ഭരണനിർവഹണ രംഗത്തില്ലെങ്കിൽ അവർ അവഗണിക്കപ്പെടാനുള്ള സാധ്യത കൂടുതലാണ്. നിയമനിർമാണ സഭകളിലെ സ്ത്രീ സംവരണം ഇതിന്റെ ഉദാഹരണമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 33 ശതമാനം സ്ത്രീ സംവരണ നിയമം നടപ്പാക്കിക്കഴിഞ്ഞു. ഇത് എല്ലാവരും അംഗീകരിച്ചു. പുരുഷൻ തന്നെ സ്ത്രീകളുടെ വിഷയങ്ങൾ കൈകാര്യം ചെയ്താൽ പോരേ എന്ന ചോദ്യം ആരും ഉന്നയിച്ചില്ല. സ്ത്രീകളുടെ പ്രശ്നങ്ങൾ സ്ത്രീകൾ തന്നെ കൈകാര്യം ചെയ്യുന്നത് അവർക്ക് നീതിയും അവസരസമത്വവും ലഭ്യമാകാൻ കൂടുതൽ സഹായകമാകും. ഇപ്പോൾ പാർലമെന്റിലും നിയമസഭകളിലും 33 ശതമാനം വനിതാ സംവരണം ഏർപ്പെടുത്താനുള്ള ബില്ല് ഉടൻ പാസ്സാക്കണമെന്ന ആവശ്യം ഉയരുന്നു. ഇതിലും സ്ത്രീകളുടെ വിഷയം പുരുഷൻ കൈകാര്യം ചെയ്താൽ പോരേ, അവർക്ക് ലഭിക്കേണ്ടതെല്ലാം കിട്ടിയാൽ പോരേ എന്നാരും ചോദിക്കുന്നില്ല. സ്ത്രീകൾ തന്നെ സ്ത്രീ വിഷയങ്ങൾ കൈകാര്യം ചെയ്താലേ ശാക്തീകരണം നടക്കൂ എന്നാണിതിന്റെ അർഥം. എന്നാൽ മുസ്‌ലിംകളുടെ കാര്യം വരുമ്പോൾ അവരുടെ കാര്യം മറ്റുള്ളവർ നോക്കിക്കൊള്ളും, അവർക്ക് അർഹമായ പ്രാതിനിധ്യം ആവശ്യമില്ല എന്നു പറയുന്നതിന്റെ ന്യായം എന്താണ്? മുസ്‌ലിംസമൂഹത്തിന്റെ ശാക്തീകരണം സാധ്യമാകണമെങ്കിൽ, പാർലമെന്റിലും നിയമസഭകളിലും മറ്റു ഭരണമേഖലകളിലുമെല്ലാം അർഹമായ പങ്കാളിത്തം ലഭിക്കണം. എന്നാൽ ഈ വിഷയത്തിൽ ഏറ്റവും വലിയ നീതിനിഷേധമാണ് നടക്കുന്നതെന്ന് സച്ചാർ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. മുസ്‌ലിംസമുദായത്തിന് നിർണായക സ്വാധീനമുള്ള മണ്ഡലങ്ങൾ സംവരണ മണ്ഡലങ്ങളാക്കി മാറ്റുകയാണ് ചെയ്യുന്നത്. പട്ടികജാതി പട്ടികവർഗ സംവരണം കൊണ്ടുവരിക വഴിയുണ്ടാകുന്ന അനീതി തിരുത്തണമെന്ന് സച്ചാർ കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല, ചില മുസ്‌ലിം മണ്ഡലങ്ങളിൽ മുസ്‌ലിം സ്ഥാനാർഥി ജയിച്ചു വരാതിരിക്കാൻ വോട്ടുകൾ ഭിന്നിപ്പിക്കുന്ന തന്ത്രമാണ് പല രാഷ്ട്രീയ പാർട്ടികളും സ്വീകരിച്ചുവരുന്നത്. ഇതുകൊണ്ട് പാർലമെന്റിലും നിയമസഭകളിലും മുസ്‌ലിം

കൾക്ക് അർഹമായ പ്രാതിനിധ്യം ഇല്ലാതെ വരുന്നു. രാജസ്ഥാൻ, മധ്യപ്രദേശ്, ഗുജറാത്ത് തുടങ്ങിയ പല സംസ്ഥാനങ്ങളിലും മുസ്‌ലിം പങ്കാളിത്തം നാമമാത്രമാണ്. കേരളം പോലെ മുസ്‌ലിംകൾക്ക് സജീവ രാഷ്ട്രീയ ശക്തിയുള്ള സംസ്ഥാനങ്ങളിൽ പോലും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നിയമസഭകളിലില്ല.

ജുഡീഷ്യറിയിലെ മുസ്‌ലിം പങ്കാളിത്തത്തെക്കുറിച്ച് കണക്കുകൾ തന്നെ ലഭ്യമല്ല. കിട്ടുന്ന കണക്കുകൾ പരമ ദയനീയമാണ് താനും. വ്യവസായ മേഖലയിൽ നാമമാത്ര പങ്കാളിത്തം പോലും മുസ്‌ലിംകൾക്കില്ല. അസീം പ്രേംജി എന്ന ദാവൂദി ബോറ വിഭാഗക്കാരനായ ഒരാൾ ഐ.ടി മേഖലയിൽ സ്ഥാപിച്ചെടുത്ത മേധാവിത്വം മാറ്റിനിർത്തിയാൽ ഇന്ത്യയിലെ വ്യവസായ പ്രമുഖരിലൊരാൾ പോലും മുസ്‌ലിമല്ല. മുസ്‌ലിം വ്യവസായ പ്രമുഖർ വേണമെന്നല്ല, ഉള്ള വ്യവസായങ്ങളിൽ മുസ്‌ലിംകൾക്ക് തൊഴിലും അവസരസമത്വവും ലഭിക്കണം എന്നാണ് പറയുന്നത്.

***കേരളത്തിൽ പാലൊളി മുഹമ്മദ് കുട്ടി കമ്മിറ്റിയുടെ ദൗത്യം എന്തായിരുന്നു?***

സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കേരളത്തിൽ നടപ്പിലാക്കാവുന്ന കാര്യങ്ങൾ എന്തൊക്കെ എന്ന് കണ്ടെത്തി ശിപാർശ ചെയ്യുകയായിരുന്നു പാലൊളി മുഹമ്മദ് കുട്ടി അധ്യക്ഷനായുള്ള കമ്മിറ്റിയുടെ ദൗത്യം. പാലൊളിക്കു പുറമെ, കെ.ഇ ഇസ്മാഈൽ എം.പി, ടി.കെ ഹംസ എം.പി, കെ.ടി ജലീൽ എം.എൽ.എ, ഡോ. ഫസൽ ഗഫൂർ, കടയ്ക്കൽ അബ്ദുൽ അസീസ് മൗലവി, എ. അബ്ദുൽ അസീസ്, ഡോ. ഹുസൈൻ രണ്ടത്താണി, സി.എൽ മുഹമ്മദ് കുഞ്ഞി, ടി.കെ വിൽസൻ എന്നിവരും ഞാനുമായിരുന്നു അംഗങ്ങൾ.

കമ്മിറ്റി അനുവദിക്കപ്പെട്ട മൂന്നു മാസത്തിനകം തന്നെ റിപ്പോർട്ട് സമർപ്പിച്ചു. കേരളത്തിലെ എല്ലാ ജില്ലകളും സന്ദർശിക്കുകയും മുസ്‌ലിം സംഘടനകളോടും വ്യക്തികളോടും മറ്റും അഭിപ്രായങ്ങൾ ആരായുകയും ചെയ്തു. അങ്ങനെ ലഭിച്ച അയ്യായിരത്തോളം നിർദേശങ്ങൾ വിഷയാധിഷ്ഠിതമായി വേർതിരിച്ച് ക്രോഡീകരിച്ചു. അവയിൽനിന്ന് തെരഞ്ഞെടുത്ത നിർദേശങ്ങളെ ഹ്രസ്വകാലത്ത് നടപ്പിലാക്കാവുന്നതും ദീർഘകാലങ്ങളിൽ നടപ്പിലാക്കേണ്ടതും എന്നിങ്ങനെ രണ്ടായി തിരിച്ചു. ഈ വർഷത്തെ ബജറ്റിനു മുമ്പായി നിർദേശങ്ങൾ സമർപ്പിക്കണമെന്ന് കമ്മിറ്റി ആഗ്രഹിച്ചു. അത് സാധിക്കുകയും ചെയ്തു. ആദ്യഘട്ടമെന്ന നിലയിൽ പത്തു കോടി രൂപ ഈ ബജറ്റിൽ ശിപാർശകൾ നടപ്പിലാക്കാനായി നീക്കിവെക്കുകയും ചെയ്തിട്ടുണ്ട്.

***എന്തൊക്കെയാണ് പാലൊളി കമ്മിറ്റി ശിപാർശകൾ?***

പാലൊളി കമ്മിറ്റി പുതിയ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. സച്ചാർ കമീഷൻ നടത്തിയ പഠനത്തിന്റെ വെളിച്ചത്തിൽ ചില നിർദേശങ്ങൾ സമർപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. കേരളത്തിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുസ്‌ലിം അവസ്ഥ മെച്ചമാണെന്ന് പറയുമ്പോഴും, പല മേഖലകളിലും മുസ്‌ലിംകൾ പിന്നാക്കം തന്നെയാണ്. പ്രത്യേകിച്ച് വിദ്യാഭ്യാസ രംഗത്ത്. സെക്കന്ററി വിദ്യാഭ്യാസത്തോടെയുള്ള കൊഴിഞ്ഞുപോക്ക് മുസ്‌ലിംകളിൽ ധാരാളമുണ്ട്. ബിരുദതലത്തിൽ മുന്നാക്ക സമുദായങ്ങളുടെ അടുത്തൊന്നും മുസ്‌ലിംകൾ എത്തിയിട്ടില്ല. നരേന്ദ്രൻ കമീഷൻ ചൂണ്ടിക്കാണിച്ച പോലെ 7000ലധികം സംവരണ തസ്തികകൾ മുസ്‌ലിംകൾക്ക് നഷ്ടമായിട്ടുണ്ട്. പത്തു വർഷത്തെ മാത്രം കണക്കാണിത്. മുസ്‌ലിം മത്സ്യത്തൊഴിലാളി മേഖലയിൽ വികസനം ഇപ്പോഴും ശൈശവദശയിലാണ്.

വിദ്യാഭ്യാസ രംഗത്തെ പിന്നാക്കാവസ്ഥ അവസാനിപ്പിക്കാനുള്ള നടപടികളാണ് ശിപാർശകളിൽ പ്രധാനം. ഇപ്പോൾതന്നെ ആവശ്യമായത്ര വിദ്യാലയങ്ങൾ ഉള്ള സ്ഥലങ്ങളിൽ പുതിയവ തുടങ്ങുന്നതിനു പകരം സ്ഥാപനങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ വിദ്യാലയങ്ങൾ തുടങ്ങണം. മലപ്പുറം ജില്ലയിൽ കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി പാസ്സായ കുട്ടികളിൽ വലിയൊരു ശതമാനത്തിനും തുടർപഠനത്തിന് അവസരം ഇല്ല. ബിരുദരംഗത്തും ഇതുതന്നെയാണവസ്ഥ. ഇത് പരിഹരിക്കാൻ പുതിയ സ്കൂളുകളും കോളേജുകളും ആരംഭിക്കണം. ഉള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കണം. പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തണം. അലീഗഢ് യൂനിവേഴ്സിറ്റിയുടെ ഒരു വിദൂര പഠന കേന്ദ്രം മലപ്പുറം ജില്ലയിൽ ആരംഭിക്കണം. മലബാറിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് സഹായകമായ രീതിയിൽ ഒരു അറബിക് യൂനിവേഴ്സിറ്റി ആരംഭിക്കണം, മുസ്‌ലിം പെൺകുട്ടികളുടെ ഇപ്പോഴുള്ള അപര്യാപ്തമായ സ്കോളർഷിപ്പ് തുക വർധിപ്പിക്കണം, മികച്ച വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകണം തുടങ്ങിയവയും ശിപാർശകളിലുണ്ട്.

പ്രധാനപ്പെട്ട ഒരു നിർദേശം, ന്യൂനപക്ഷ മന്ത്രാലയം ആരംഭിക്കണം എന്നതാണ്. ന്യൂനപക്ഷ ക്ഷേമത്തിനായി കേന്ദ്ര ഗവൺമെന്റും മറ്റും പ്രഖ്യാപിക്കുന്ന പല പദ്ധതികളെക്കുറിച്ചുമുള്ള വിവരങ്ങൾ യഥാസമയം ജനങ്ങളിലേക്ക് എത്താതെ പോകുന്നു. ഈയടുത്ത് തന്നെ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ചില സ്കോളർഷിപ്പുകൾ ലാപ്സായി. മറ്റു പല പദ്ധതികളും കേരളത്തിൽ എത്താതെ പോയി. കാരണം യഥാസമയം അത് അറിയിക്കുകയോ അപേക്ഷകൾ സമർപ്പിക്കുകയോ ഉണ്ടായില്ല. ഇതിന് പരിഹാരമാണ് ന്യൂനപക്ഷ മന്ത്രാലയം. ന്യൂനപക്ഷ ക്ഷേമത്തിനായി ഒരു മന്ത്രാലയം ആരംഭിച്ചാൽ വലിയ പ്രയോജനം ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

***മതസംഘടനകളും മുസ്‌ലിം സാംസ്കാരിക വേദികളും ഇത്തരം വിഷയങ്ങൾ പഠിക്കുകയും ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുന്നില്ലേ?***

മുസ്‌ലിം സംഘടനകളുടെ ഏറ്റവും വലിയ ഒരു ദൗർബല്യം സമുദായത്തെ സംബന്ധിച്ച ഒരു സ്ഥിതിവിവരക്കണക്ക് അവരുടെ കൈവശമില്ല എന്നതാണ്. തങ്ങൾ ഏതൊരു സമുദായത്തിലാണോ പ്രവർത്തിക്കുന്നത്, അവരുടെ അവസ്ഥകളെപ്പറ്റി വിവരവും തിരിച്ചറിവുമില്ലാത്ത സംഘടനകൾക്ക് എങ്ങനെയാണ് സമുദായത്തെ വളർത്തിക്കൊണ്ടുവരാൻ കഴിയുക? മുസ്‌ലിം സൗഹൃദവേദിയിൽ പലപ്പോഴും ഈ വിഷയത്തിൽ ചർച്ച നടന്നിട്ടുണ്ട്. സമുദായത്തെക്കുറിച്ച കൃത്യമായ രേഖകൾ കൈയിലില്ലാത്തത് ചില സന്ദർഭങ്ങളിൽ തിരിച്ചടിയാവുകയും ചെയ്തിട്ടുണ്ട്. ക്രീമീലയർ പ്രശ്നം ഉദാഹരണം. ക്രീമീലയർ വിഷയത്തിൽ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ എടുത്ത നിലപാട് ബുദ്ധിപൂർവകമായിരുന്നില്ല. സുപ്രീം കോടതി അതിനെ രൂക്ഷമായി വിമർശിക്കുകയും സ്വന്തമായി ജോസഫ് കമീഷനെ നിയോഗിച്ചത് വിനയാവുകയും ചെയ്തു. വേണ്ട രീതിയിൽ വിഷയം അവതരിപ്പിക്കാൻ മുസ്‌ലിം സംഘടനകൾക്ക് സാധിച്ചതുമില്ല.

***മറ്റു നിർദേശങ്ങൾ?***

സംവരണ തസ്തികകളുമായി ബന്ധപ്പെട്ടതാണ് മറ്റു നിർദേശങ്ങൾ. മെറിറ്റിൽ നിയമനം ലഭിക്കേണ്ട ധാരാളം പേർക്ക്

മുസ്‌ലിം സംവരണത്തിലാണ് നിയമനം ലഭിക്കുന്നത്. അതു പോലെ, സംവരണ തസ്തികകളിൽ ഒഴിവുകൾ വരുമ്പോൾ മെറിറ്റിൽനിന്ന് അത് നികത്തുന്ന രീതിയും തുടർന്നുവരുന്നു. ഇതു രണ്ടും അവസാനിപ്പിക്കണം. മെറിറ്റിൽ നിയമം ലഭിക്കേണ്ടവർക്ക് അത് നൽകണം. സംവരണ തസ്തികയിൽ ഒഴിവു വന്നാൽ സംവരണം വഴിതന്നെ അത് നികത്തണം. നിലവിലുള്ള ബാക്ക് ലോഗ് നികത്താൻ വേണ്ട നടപടികളെടുക്കണം. 6 മാസത്തിനകം ഇതു സംബന്ധിച്ച നടപടികൾ ഉണ്ടാകണമെന്നും അതിനായി ഉദ്യോഗസ്ഥതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും ശിപാർശ ചെയ്തിട്ടുണ്ട്.

ധാരാളം തസ്തികകളിൽ ഒഴിവുകൾ വരുന്നുണ്ട്. പക്ഷേ, അതൊന്നും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാറില്ല. അവയിൽ അടിയന്തര നിയമനങ്ങൾ നടത്തും. അത് സംവരണം പാലിക്കാതെ ആയിരിക്കും. ഇത്തരം നിയമനങ്ങൾ പിന്നീട് സ്ഥിരപ്പെടുത്താൻ വ്യവസ്ഥകൾ ഉണ്ട്. യൂനിവേഴ്സിറ്റികൾ, കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി തുടങ്ങിയവയിലെല്ലാം ഇത് നടക്കുന്നു. ഇത് അവസാനിപ്പിച്ച് താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയാക്കണം.

മുസ്‌ലിംകൾക്ക് പുതിയ സംവരണം ഏർപ്പെടുത്തണമെന്ന് പാലൊളി കമ്മിറ്റി ആവശ്യപ്പെട്ടിട്ടില്ല. ഒ.ബി.സിയിലുൾപ്പെട്ട നിലവിലുള്ള സംവരണം നടപ്പിലാക്കുന്നതിലെ അപാകതകൾ പരിഹരിക്കണം എന്നേ ആവശ്യപ്പെട്ടിട്ടുള്ളൂ. അതുകൊണ്ട് എൻ.എസ്.എസ്സോ മറ്റു മുന്നാക്ക സമുദായക്കാരോ, അവരെ പിന്തുണക്കുന്ന രാഷ്ട്രീയ പാർട്ടികളോ ദേഷ്യപ്പെടേണ്ട കാര്യമില്ല.

മുസ്‌ലിംകളിൽ ദഖ്നികൾ, കച്ചിമേമൻ തുടങ്ങിയ വിഭാഗങ്ങൾ ഉണ്ട്. ഇവർക്ക് സംവരണമില്ല. അവർ മുന്നാക്കക്കാരണെന്ന് ഒരു തെറ്റുധാരണയുണ്ടായിട്ടുണ്ട്. ഇവർ സംവരണത്തിനർഹരാണ്. അവരെയും ലിസ്റ്റിൽ ഉൾപ്പെടുത്തണം എന്നാണ് കമ്മിറ്റി ആവശ്യപ്പെട്ടിരിക്കുന്നത്. മറ്റു സമുദായങ്ങളുടെ ചെലവിൽ മുസ്‌ലിംകളെ വളർത്തണമെന്ന് ആരും പറയുന്നില്ല. ■

(അടുത്ത ലക്കത്തിൽ അവസാനിക്കും)